സംസ്ഥാനം വിഭാവനം ചെയ്ത ആഭ്യന്തര വിഭവ സമാഹരണം

17 [474] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണമായി എന്ത് തുകയാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്; ഇതിൽ ഓരോ വർഷവും എന്ത് തുക വീതം പിരിച്ചെടുത്തു;

(ബി) ആഭ്യന്തര വിഭവ സമാഹരണം പ്രസ്തുത മൂന്ന് വർഷങ്ങളിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ കുറഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന ആഭ്യന്തര വിഭവ സമാഹരണം എത്രയായിരുന്നുവെന്നും ഇതിൽ 2006 ജനുവരി 15 വരെ എന്ത് തുക സമാഹരിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണമായി ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നതും ഓരോ വർഷം പിരിച്ചെടുത്ത തുകയും താഴെ കാണുംപ്രകാരമാണ്.

(തുക കോടിയിൽ)

വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ്	ആഭ്യന്തര വിഭവസമാഹരണമായി പിരിച്ചെടുത്തത്
2003-04	9451.79	8895.76
2004-05	10710.59	9782.73
2005-06	11949.93	7144.55*

(ബി) ഉണ്ട്. പ്രധാനമായും സെയിൽസ് ടാക്സ്, സ്റ്റേറ്റ് എക്സൈസ്, സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ, ഫോറസ്റ്റ് എന്നീ ഇനങ്ങളിൽ ഉണ്ടായ വിഭവ സമാഹരണ കുറവുമൂലമാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന ആഭ്യന്തര വിഭവ സമാഹരണം കുറയാൻ കാരണം.

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വിഭവ സമാഹരണമായി ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത് 11949.93 കോടി രൂപ ആയിരുന്നു. ഇതിൽ 31-12-2005 വരെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം 7144.55 കോടി രൂപ സമാഹരിക്കപ്പെട്ടിട്ടുണ്ട്.

*31-12-2005 വരെ

LIBRARY ARCHIVES Kerala Legislative Assembly